(ഡി) 2011 ജനുവരി മാസത്തോടുകൂടി എല്ലാ മന്ത്രിമന്ദിരങ്ങളുടെയും നിർമ്മാണം പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) 21 എണ്ണം.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

പദ്ധതി വിനിയോഗം

127 (5832) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ സാമ്പത്തിക വർഷത്തിന്റെയും അവസാന പാദത്തിൽ വർദ്ധിതമായി പദ്ധതി വിഹിതം വിനിയോഗിക്കുന്ന രീതി ഗുണകരമല്ലെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) എങ്കിൽ ഇത് നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ;

(സി) മാർച്ചിലെ പദ്ധതി വിനിയോഗം പദ്ധതി അടങ്കലിലന്റെ എത്ര ശതമാനമായി നിജപ്പെടുത്തും ;

(ഡി) മാർച്ച് മാസത്തിൽ മുൻകൂറായി പണം പിൻവലിച്ച് പദ്ധതി ചെലവിനായി കാണിക്കുന്ന പ്രവണത എപ്പോഴെങ്കിലും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതു തടയുന്നതിനായി മാർച്ച് മാസം മുൻകൂറായി പണം പിൻവലിക്കുന്ന കാര്യത്തിൽ കർശന നിയന്ത്രണം ഏർപ്പെടുത്തുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി - ഇ) 12-6-2009-ലെ 49/09/ധന നമ്പർ സർക്കുലർപ്രകാരം ഓരോ സാമ്പത്തിക വർഷത്തിന്റെയും അവസാന പാദത്തിൽ വർദ്ധിതമായി പദ്ധതി വിഹിതം വിനിയോഗിക്കുന്നത് ഒഴിവാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലും കാര്യക്ഷമമായി പദ്ധതി വിഹിതം വിനിയോഗിക്കുന്നത് ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സാമ്പത്തിക വർഷത്തിന്റെ ആദ്യപാദാന്ത്യം, രണ്ടാം പാദാന്ത്യം, മൂന്നാം പാദാന്ത്യം, അവസാന പാദം ആകുമ്പോഴേക്ക് മൊത്തം പദ്ധതിവിഹിത വിനിയോഗം യഥാക്രമം 10, 40, 70, 100 ശതമാനമായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് മാർച്ച് മാസത്തിലെ പദ്ധതി വിനിയോഗം പദ്ധതി അടങ്കലിന്റെ 30 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കാനായി 6-8-2008-ലെ സർക്കാർ ഉത്തരവ് (പി)

LIBRARY ARCHIVES Kerala Legislative Assembly

351/08/ധന നമ്പർ പ്രകാരം 3 കോടി രൂപ വരെ അടങ്കൽ ഉള്ള പദ്ധതികൾക്ക് ഭരണവകുപ്പുകൾക്ക് തന്നെ ഭരണാനുമതി നൽകുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. 3 കോടി രൂപയിൽ കൂടുതൽ അടങ്കൽ വരുന്ന പുതിയ പദ്ധതികൾക്ക് ധനകാര്യ വകുപ്പ് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് വഴി ഭരണാനുമതി നൽകുന്നുണ്ട്. സാമ്പത്തിക വർഷത്തിന്റെ അവസാനമാസം ട്രഷറികളിൽ നിന്ന് മുൻകൂറായി പണം പിൻവലിച്ച് പദ്ധതി ചെലവായി കാണിക്കുന്ന പ്രവണത ഒഴിവാക്കാനായി മാർച്ച് മാസം മുൻകൂറായി പണം പിൻവലിക്കുന്ന കാര്യത്തിലും നിയന്ത്രണമേർപ്പെടുത്തി എല്ലാ വകുപ്പുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഉചിതമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്.

നിർവ്വഹണ ഏജൻസികൾക്ക് കൈമാറ്റം ചെയ്തിട്ടുള്ള ഫണ്ടുകൾ

128 (5833) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യാ-ഗവൺമെന്റ് സംസ്ഥാന നിർവ്വഹണ ഏജൻസികൾക്ക് നേരിട്ട് കൈമാറ്റം ചെയ്തിട്ടുള്ള ഫണ്ടുകൾ 2006-07 മുതൽ 2009-10 വരെ എത്ര വീതമെന്ന് അറിയിക്കുമോ ;

(ബി) 2008-09 സാമ്പത്തിക വർഷം ഇപ്രകാരം എത്ര തുക സംസ്ഥാന നിർവ്വഹണ ഏജൻസികൾക്ക് ലഭിച്ചു ;

(സി) ചെലവഴിച്ച തുക 2006-07 മുതൽ 2009-10 വരെ എത്ര വീതമാണ് ;

(ഡി) നടപ്പു സാമ്പത്തിക വർഷം ഈ ഇനത്തിൽ എത്ര തുക ആകെ നീക്കിയിരിപ്പുണ്ട് ;

(ഇ) സംസ്ഥാന നിർവ്വഹണ ഏജൻസികൾ നടപ്പിലാക്കിതും ഇതിനായി ഇൻഡ്യാ ഗവൺമെന്റ് നേരിട്ട് ഫണ്ടുകൾ നല്കിയതുമായ ഇൻഡ്യാ ഗവൺമെന്റിന്റെ പ്രധാന ഫ്ളാഗ്ഷിപ്പ് പദ്ധതികളുടെയും മറ്റു പ്രധാന പദ്ധതികളുടെയും യഥാർത്ഥത്തിൽ ചെലവായ തുക കണ്ടുപിടിക്കാൻ നിലവിൽ എന്തു സംവിധാനമാണുള്ളത് ; വ്യക്തമാക്കുമോ ;

(എഫ്) ഇപ്രകാരം ചെലവാകുന്ന തുക കണ്ടു പിടിക്കാൻ നിലവിൽ സംവിധാനമില്ലെങ്കിൽ ആയത് അടിയന്തരമായി ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2009 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം 2008-09 സാമ്പത്തിക വർഷം ഇൻഡ്യാ ഗവൺമെന്റ് സംസ്ഥാന നിർവ്വഹണ ഏജൻസികൾക്ക് നേരിട്ട് കൈമാറ്റം ചെയ്ത തുക 913.47 കോടി രൂപയാണ്. 2006-07, 2007-08, 2009-10 വർഷങ്ങളിൽ ലഭിച്ച തുകയെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly